**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല – കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് - കുടിവെള്ളം വിതരണം നടത്തിയ വകയിൽ ചെലവായ തുക തനത് ഫണ്ട്/ പ്ലാൻ ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1298/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 09/05/2018

പരാമർശം:- കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ 2017 ലെ വരൾച്ച കാലത്ത് കുടിവെള്ള വിതരണത്തിന് 2017-18 വാർഷിക പദ്ധതിയിൽ പ്രോജക്റ്റ് നമ്പർ 196/18 വരൾച്ച കാലത്ത് കുടിവെള്ള വിതരണം എന്ന പേരിൽ 2,00,000/- രൂപ തനത് ഫണ്ടിൽ വകയിരുത്തിയിരുന്നുവെന്നും എന്നാൽ രൂക്ഷമായ കുടിവെള്ള ക്ഷാമം കാരണം പഞ്ചായത്ത് പ്രതീക്ഷിച്ചതിലും കൂടുതൽ കുടുംബങ്ങൾക്കും പ്രദേശങ്ങളിലും കുടിവെള്ള വിതരണം ചെയ്യേണ്ട സാഹചര്യമുണ്ടായിയെന്നും ആയതിന് 3,18,400/- രൂപ ചെലവായെന്നും കരാറുകാരന് നൽകാനുള്ള ബാക്കി തുക 1,18,400/- രൂപ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ 2017 ലെ വരൾച്ച കാലത്ത് കുടിവെള്ള വിതരണത്തിന് അധികമായി ചെലവായ 1,18,400/- (ഒരു ലക്ഷത്തി പതിനെട്ടായിരത്തി നാനൂറ് രൂപ) രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സിനി ജെ ഷുക്കൂർ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
പ്രസിഡന്റ്/സെക്രട്ടറി, കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്, കൊടിയത്തൂർ പി.ഒ, മുക്കം, കോഴിക്കോട് - 673602
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ